State of Qatar
Ministry of Administrative Development, Labour & Social Affairs

# പുതിയ മിനിമം വേതനം

## തൊലാളികൾക്കുള്ള സുപ്രധാന വിവരം

ഖത്തർ സർക്കാർ മാർച്ച് 2021 മുതൽ പ്രാബല്യത്തിൽ വരുന്ന മിനിമം വേതനം അംഗീകരിച്ചു. നാട്ടിലേക്ക് മടങ്ങുന്ന തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതനിലവാരം ഉയർത്തുന്നതിന് വേണ്ടിയാണ് പുതിയ മിനിമം വേതനം അവതരിപ്പിച്ചത്. ഇത് രാജ്യത്തെ കൂടുതൽ നൈപുണ്യമുള്ളതും ഉൽപാദനക്ഷമവുമായ തൊഴിൽ ശക്തിയിലേക്ക് നയിക്കും.

## പുതിയ മിനിമം വേതനം എത്രയാണ്?

നിങ്ങളുടെ തൊഴിലുടമ മാർച്ച് 2021 മുതൽ പ്രതിമാസം കുറഞ്ഞത് QAR 1,000 -ൽ കുറയാത്ത അടിസ്ഥാന വേതനവും, മാന്യമായ താമസവും ഭക്ഷണവും നൽകേണ്ടതുണ്ട്. എന്നിരുന്നാലും, നിങ്ങളുടെ തൊഴിലുടമയ്ക്ക് കൂടുതൽ പണം നൽകാൻ താൽപര്യമുള്ളതിനാൽ നിങ്ങൾക്ക് സ്വയം ഭക്ഷണം ക്രമീകരിക്കാനും സ്വന്തം താമസസ്ഥലം തിരഞ്ഞെടുക്കാനും കഴിയും. അതിനാൽ, മിനിമം വേതനത്തിന് മൂന്ന് വ്യത്യസ്ത നിരക്കുകളുണ്ട്:

- നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്ക് മാന്യമായ ഭക്ഷണവും താമസസൗകര്യവും ലഭ്യമാക്കുന്നുണ്ടെങ്കിൽ (അതായത് നിങ്ങൾ ഭക്ഷണത്തിനും താമസത്തിനും പണം കൊടുക്കേണ്ടതില്ല) കുറഞ്ഞത് QAR 1,000-ന്റെ അടിസ്ഥാന വേതനത്തിന് നിങ്ങൾക്ക് അർഹതയുണ്ട്.
- നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്ക് മാന്യമായ താമസസൗകര്യം നൽകുന്നുണ്ടെങ്കിലും ഭക്ഷണം നൽകുന്നില്ലെങ്കിൽ കുറഞ്ഞത് QAR 300 -ന്റെ അടിസ്ഥാന വേതനത്തിന് പുറമേ QAR 1,000-ൽ കുറയാത്ത ഒരു ഭക്ഷണ അലവൻസിന് നിങ്ങൾക്ക് അർഹതയുണ്ട്. ഈ സാഹചര്യത്തിൽ, നിങ്ങൾക്ക് പ്രതിമാസം കുറഞ്ഞത് QAR 1,300 എങ്കിലും ലഭിക്കണം.
- നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്ക് താമസമോ ഭക്ഷണമോ നൽകുന്നില്ലെങ്കിൽ, കുറഞ്ഞത് QAR 300 ന്റെ അടിസ്ഥാന വേതനത്തിന് പുറമേ ഭക്ഷണത്തിന് വേണ്ടി QAR 500-ൽ കുറയാത്ത അലവൻസുകൾക്കും, താമസത്തിനായി QAR 1,000 -നും നിങ്ങൾക്ക് അർഹതയുണ്ട്. ഈ സാഹചര്യത്തിൽ, നിങ്ങൾക്ക് പ്രതിമാസം കുറഞ്ഞത് QAR 1,800 എങ്കിലും ലഭിക്കണം.

## ഈ മിനിമം വേതനം ഖത്തറിലുള്ള എല്ലാ തൊഴിലാളികൾക്കും ബാധകമാണോ?

അതെ. ഏത് രാജ്യത്തു നിന്ന് വരുന്നു, ചെയ്യുന്ന ജോലി എന്താണ് എന്നിവ പരിഗണിക്കാതെ എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ബാധകമാണ്. വീടുകളിൽ ജോലി ചെയ്യുന്ന സ്ത്രീകളും പുരുഷന്മാരും ഇതിൽ ഉൾപ്പെടുന്നു.

## മിനിമം വേതനം എപ്പോഴാണ് പ്രാബല്യത്തിൽ വരുക?

2021 മാർച്ച് 20 ശനിയാഴ്ച മുതൽ മിനിമം വേതനം പ്രാബല്യത്തിൽ വരും.

## ഏറ്റവും കുറഞ്ഞ താമസ, ഭക്ഷണ നിലവാരങ്ങൾ എന്തൊക്കെയാണ്?

നിങ്ങളുടെ തൊഴിലുടമ നിങ്ങൾക്ക് താമസസൗകര്യം നൽകുന്നുണ്ടെങ്കിൽ, അവർ 2014 ലെ നം.18 ഔദ്യോഗിക തീരുമാനത്തിലെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. അവർ നിങ്ങൾക്ക് ഭക്ഷണം നൽകുന്നുണ്ടെങ്കിൽ, നിങ്ങൾക്ക് പ്രതിദിനം മൂന്ന് തവണ ഭക്ഷണം ഉണ്ടായിരിക്കണം. അത് സാംസ്കാരികമായി അനുയോജ്യവും പോഷകഗുണമുള്ളതും ആവശ്യത്തിന് കലോറി നൽകുന്നതുമായിരിക്കണം.

## എന്റെ ഓവർടൈം എങ്ങനെയാണ് കണക്കാക്കുന്നത്?

മാർച്ച് 2021മുതൽ, ഓവർടൈം നിരക്ക് പുതിയ മിനിമം അടിസ്ഥാന വേതനത്തേക്കാൾ കുറവായിരിക്കരുത്. നിങ്ങളുടെ കരാറിന്റെ നിബന്ധനകളെ ആശ്രയിച്ച് ഇത് ഉയർന്നതാവാം.

തൊഴിൽ നിയമത്തിലെ ആർട്ടിക്കിൾ 74 അനുസരിച്ച്, ഓവർടൈം നിരക്ക് എന്നത് നിങ്ങളുടെ സാധാരണ മണിക്കൂർ നിരക്കും കൂടെ 25% -ഉം ആണ്.

എന്നിരുന്നാലും, നിങ്ങളുടെ അവധി ദിവസത്തിൽ നിങ്ങൾ ജോലി ചെയ്യുകയാണെങ്കിൽ, സാധാരണ മണിക്കൂറിന് പുറമേ അതിന്റെ 50% കൂടി ഓവർടൈം ലഭിക്കും.

നിങ്ങൾ ഒരു ഷിഫ്റ്റ് തൊഴിലാളിയല്ലാതിരിക്കുകയും, 21:00 -നും 03:00 നും ഇടയിൽ ജോലി ചെയ്യുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾക്ക് സാധാരണയായുള്ള മണിക്കൂർ നിരക്കും, പുറമേ അതിന്റെ 50%-ഉം ലഭിക്കും.

## എന്റെ സേവനം അവസാനിക്കുമ്പോഴുള്ള ഗ്രാറ്റുവിറ്റി എങ്ങനെയാണ് കണക്കാക്കുക?

നിങ്ങളുടെ കരാർ മാർച്ച് 2021-ന് ശേഷം അവസാനിക്കുകയാണെങ്കിൽ, പുതിയ മിനിമം അടിസ്ഥാന വേതനത്തിൽ (തൊഴിൽ നിയമത്തിലെ ആർട്ടിക്കിൾ 72) കുറയാതെ നിങ്ങളുടെ സേവന ഗ്രാറ്റുവിറ്റി കണക്കാക്കണം.

## എന്റെ നിലവിലുള്ള കരാറിന് കീഴിൽ എനിക്ക് പുതിയ മിനിമം വേതനത്തേക്കാൾ കുറവാണ് ലഭിക്കുന്നത്. പുതിയ നിയമം എനിക്ക് ബാധകമാണോ?

അതെ, പുതിയ മിനിമം വേതനം പ്രാബല്യത്തിൽ വന്നതിന് ശേഷം, നിങ്ങളുടെ നിലവിലുള്ള കരാറിൽ പറഞ്ഞിരിക്കുന്ന തുക പരിഗണിക്കാതെ തന്നെ പുതിയ നിയമം നിങ്ങൾക്ക് ബാധകമാണ്. 2021 മാർച്ച് 20 മുതൽ, നിങ്ങളുടെ തൊഴിലുടമ നിയമപരമായി നിങ്ങൾക്ക് പ്രതിമാസം കുറഞ്ഞത് QAR 1,000 നൽകേണ്ടതുണ്ട്. നിങ്ങളുടെ കരാറിൽ പറയുന്ന വേതനം ഈ തുകയിലും കുറവാണെങ്കിൽ പോലും.

പുതിയ വേതനം ലഭിക്കുന്നതിന് നിങ്ങളും നിങ്ങളുടെ തൊഴിലുടമയും ഒരു പുതിയ കരാർ ഒപ്പിടാൻ നിയമം ആവശ്യപ്പെടുന്നില്ല. എന്നിരുന്നാലും, പുതിയ നിയമനിർമ്മാണം കൊണ്ടുവരുന്ന വേതനങ്ങളിലെയും വ്യവസ്ഥകളിലെയും മാറ്റങ്ങൾ ഒരു തൊഴിലുടമ രേഖാമൂലം അറിയിക്കുന്നത് ഒരു നല്ല നടപടിയാണ്.

## പുതിയ മിനിമം വേതനത്തേക്കാൾ കൂടുതൽ എനിക്ക് ഇതിനകം ലഭിക്കുന്നുണ്ടെങ്കിൽ എന്നെ ബാധിക്കുമോ?

നിർബന്ധമില്ല. നിങ്ങളുടെ അടിസ്ഥാന വേതനം, ഭക്ഷണം, താമസം എന്നിവ ഇതിനകം നിയമപ്രകാരം ആവശ്യപ്പെടുന്നതിനും മുകളിലാണെങ്കിൽ, നിങ്ങളുടെ വേതനം വർദ്ധിപ്പിക്കാൻ നിങ്ങളുടെ തൊഴിലുടമയ്ക്ക് ബാധ്യതയില്ല. ഉയർന്ന ശമ്പളമോ കൂടുതൽ ആനുകൂല്യങ്ങളോ സംബന്ധിച്ച് ചർച്ച ചെയ്യാൻ നിങ്ങൾക്ക് ശ്രമിക്കാം. പക്ഷേ ഇത് നിങ്ങളുടെ തൊഴിലുടമ അംഗീകരിക്കേണ്ടതുണ്ട്.

## എന്റെ തൊഴിലുടമയ്ക്ക് എന്റെ ശമ്പളം പുതിയ മിനിമം വേതനത്തിലേക്ക് കുറയ്ക്കാൻ കഴിയുമോ?

നിങ്ങളുടെ ശമ്പളം മിനിമം വേതനത്തിന്റെ തോതിലേക്ക് കുറയ്ക്കാൻ തൊഴിലുടമ ശ്രമിക്കുകയാണെങ്കിൽ അത് കരാർ ലംഘനമായിരിക്കും. അതിന് നിങ്ങൾക്ക് പരാതി നൽകാം.

നിങ്ങളുടെ ശമ്പളം കുറയ്ക്കാനും, നിങ്ങളുടെ നിലവിലുള്ള കരാറിലെ വ്യവസ്ഥകളുടെയത്രയും അനുകൂലമല്ലാത്ത നിബന്ധനകൾ വാഗ്ദാനം ചെയ്യുന്നതിനുമുള്ള ന്യായീകരണമായി, തൊഴിൽ ദാതാവിന് പുതിയ നിയമനിർമ്മാണം ഉപയോഗിക്കാൻ കഴിയില്ലെന്ന് പുതിയ മന്ത്രിതലത്തിലുള്ള ഉത്തരവിലെ ആർട്ടിക്കിൾ 5 പ്രസ്താവിക്കുന്നു.

## മാർച്ച് 2021-ന് ശേഷം മിനിമം വേതനത്തേക്കാൾ കുറവാണ് എനിക്ക് ലഭിക്കുന്നതെങ്കിൽ എന്താണ് ചെയ്യേണ്ടത്?

ഇത് നിങ്ങളുടെ തൊഴിലുടമയോട് ഉന്നയിക്കാനും / അല്ലെങ്കിൽ ഭരണ വികസന, തൊഴിൽ, സാമൂഹികകാര്യ മന്ത്രാലയത്തെ അറിയിക്കാനും കഴിയും. നിങ്ങൾക്ക് ലേബർ റിലേഷൻസ് ഡിപ്പാർട്ട്മെന്റിൽ നേരിട്ടോ, ഹോട്ട്ലൈനിലോ (16008) അല്ലെങ്കിൽ ഇമെയിൽ (info@adlsa.gov.qa) വഴിയോ പരാതി നൽകാം.